പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3122 18.10.2016-ൽ മറുപടിയ്ക്ക്

## കായികമേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ കായികമേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ ; | (എ) സംസ്ഥാനത്ത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു കീഴിൽ വിവിധ കായിക ഇനങ്ങളിൽ 108 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഡേ ബോർഡിംഗ് സെന്ററുകളിലെ കായികതാരങ്ങൾക്ക് കൗൺസിൽ അത്യാവശ്യമുള്ള കായിക ഉപകരണങ്ങളും ആഴ്ചയിൽ അഞ്ചുദിവസം ലഘുഭക്ഷണത്തിനായി ദിവസേന 25 രൂപ വീതവും നൽകിവരുന്നു.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ വിവിധ കായിക ഇനങ്ങളിലായി 14 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ട്രെയിനിംഗ് സെന്ററുകൾക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ വീതം ഗ്രാന്റായി നൽകിവരുന്നു.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ വിവിധ ജില്ലകളിലായി 24 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും, 51 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും, 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് കൗൺസിലിലെ വിദഗ്ദ്ധ പരിശീലകർ ബന്ധപ്പെട്ട കളിയിനങ്ങളിൽ പരിശീലനം നൽകിവരുന്നു. സ്പോർട്സ് ഹോസ്റ്റലിലെ കായികതാരങ്ങൾക്ക് പ്രതിദിനം 200/- രൂപ നിരക്കിൽ മെസ് അലവൻസും പ്രതിമാസം 100/- രൂപ നിരക്കിൽ വാഷിംഗ് അലവൻസും, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും വീട്ടിൽ പോയിവരുന്നതിനുമുള്ള ടി.എ/ഡി.എ -യും, മെഡിക്കൽ ചെലവുകളും നൽകിവരുന്നു. കൂടാതെ സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ആവശ്യമായ സ്പോർട്സ് കിറ്റ്, ട്രാക്ക് സ്യൂട്ട്, കായിക ഉപകരണങ്ങൾ എന്നിവ കൗൺസിൽ നൽകിവരുന്നു. |

സ്പോർട്സ് ഹോസ്റ്റലുകളെ കൂടാതെ വിവിധ കായിക ഇനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഡേ ബോർഡിംഗ് സെന്ററുകൾക്ക് ആവശ്യമായ ഉപകരണങ്ങളും, സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ച് ദേശീയ, ദക്ഷിണമേഖലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്കും. കൗൺസിലിലെ പരിശീലകർക്കും വർഷം തോറും യൂണിഫോം, ട്രാക്ക് സ്യൂട്ട്, ജോഗിംഗ് ഷൂ എന്നിവയും കൗൺസിൽ നൽകിവരുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 40 സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിയ്ക്കുന്നതിനും, ദേശീയ/മേഖലാ മത്സരങ്ങൾ സംസ്ഥാനത്തിനകത്ത് സംഘടിപ്പിയ്ക്കുന്നതിനും, ദേശീയ/മേഖലാ മത്സരങ്ങൾക്ക് മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പിനും, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി കൗൺസിൽ ഗ്രാന്റ് നൽകി വരുന്നു.

കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തി എടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആരംഭിച്ച പദ്ധതിയാണ് എലൈറ്റ് സ്കീം. അത്‌ലറ്റിക്സ്, ഫെൻസിംഗ്, വോളീ ബോൾ എന്നീ കായിക ഇനങ്ങളിലാണ് എലൈറ്റ്, ട്രെയിനിംഗ് സെന്റർ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ടി പദ്ധതിയിൽ കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള കായികസൗകര്യങ്ങളും, പരിശീലനവും മറ്റ് ഉന്നതനിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കിവരുന്നുണ്ട്.

ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ നേടുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്.

പ്രതിവർഷം മികച്ച 50 കായിക താരങ്ങളെ അവരുടെ കായികനേട്ടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമിച്ചുവരുന്ന പദ്ധതി നിലവിലുണ്ട്.

പി.എസ്.സി നടത്തുന്ന ക്ലാസ്സ് III, IV നിയമനങ്ങളിൽ കായികതാരങ്ങൾക്ക് പ്രത്യേക ഗ്രേസ് മാർക്ക് അനുവദിച്ച് വരുന്നുണ്ട്.

പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് കായികതാരങ്ങൾക്ക് സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

മികച്ച 10 കായികതാരങ്ങൾക്ക് എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് എന്ന പേരിൽ പ്രതിമാസം 10,000/- രൂപ വീതം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കായികരംഗത്തെ കൂടുതൽ പരിപോഷിപ്പിക്കുന്നതിന് സ്കൂൾ തലങ്ങളിൽ നിന്ന് തന്നെ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) | 31.08.2016-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം 1 മുതൽ 4 വരെയുള്ള ലോവർ പ്രൈമറി വിദ്യാർത്ഥികളിൽ കായികക്ഷമത നടപ്പിലാക്കുന്നതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി പ്രസിഡന്റിനേയും 5 മുതൽ 10 വരെയുള്ള വിദ്യാർത്ഥികളിൽ കായിക ക്ഷമത എങ്ങനെ മെച്ചപ്പെടുത്താം എന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ഒരു കമ്മിറ്റിയും രൂപീകരിയ്ക്കുകയുണ്ടായി. |
| (സി) | സ്കൂളുകളിൽ കായികപരിശീലനം കരിക്കുലത്തിന്റെ ഭാഗമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ? | (സി) | സജീവമായി പരിശോധിയ്ക്കുന്നതാണ്. |

Mary M

**സെക്ഷൻ ഓഫീസർ**